REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- NDA സ്ഥാനാർത്ഥിയും മഹാരാഷ്ട്ര ഗവർണറുമായ CP രാധാകൃഷ്ണനെ രാജ്യത്തിന്റെ 15-ാമത് ഉപരാഷ്ട്രപതിയായി തിരഞ്ഞെടുത്തു.
- രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും നിയുക്ത ഉപരാഷ്ട്രപതിയെ അഭിനന്ദിച്ചു.
- CPI സംസ്ഥാന സമ്മേളനം രാവിലെ ആലപ്പുഴയിൽ തുടങ്ങും.
- തിരുവനന്തപുരം മുതൽ ഇടുക്കി വരെ ഏഴ് ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്കായി ഇടുക്കി നെടുങ്കണ്ടത്ത് ആർമി റിക്രൂട്ട്മെന്റ് റാലിയ്ക്ക് ഇന്ന് തുടക്കമാകും.
- ഏഷ്യ കപ്പ് ക്രിക്കറ്റ് ടൂർണമെന്റിൽ ഇന്ത്യ രാത്രി ആതിഥേയരായ UAE യെ നേരിടും.

## വാർത്തകൾ വിശദമായി

**NDA സ്ഥാനാർത്ഥിയും മഹാരാഷ്ട്ര ഗവർണറുമായ CP രാധാകൃഷ്ണനെ രാജ്യത്തിന്റെ 15-ാമത് ഉപരാഷ്ട്രപതിയായി തിരഞ്ഞെടുത്തു. അദ്ദേഹത്തിന് 452 വോട്ട് ലഭിച്ചു. I.N.D.I ബ്ലോക്ക് സ്ഥാനാർത്ഥിയും മുൻ സുപ്രീം കോടതി ജഡ്ജിയുമായ B. സുദർശൻ റെഡ്ഡിയെ 152 വോട്ടിനാണ് CP രാധാകൃഷ്ണൻ പരാജയപ്പെടുത്തിയത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)....**

781 അംഗ ഇലക്ടറൽ കോളജിലെ 767 MP മാർ ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തി. ഇതിൽ 15 വോട്ടുകൾ അസാധുവായതായി രാജ്യസഭാ സെക്രട്ടറി ജനറൽ PC മോഡി അറിയിച്ചു. സുദർശൻ റെഡ്ഡിക്ക് 300 വോട്ടാണ് ലഭിച്ചത്.

തമിഴ്നാട്ടിലെ തിരുപ്പൂരിൽ ജനിച്ച ചന്ദ്രപുരം പൊന്നുസാമി രാധാകൃഷ്ണൻ വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയാണ് പൊതുരംഗത്തെത്തിയത്. RSS, ജനസംഘം എന്നീ സംഘടനകളിൽ സജീവമായിരുന്ന അദ്ദേഹം, പിന്നീട് രാഷ്ട്രീയപ്രവർത്തകനായി മാറി.

കോയമ്പത്തൂരിൽ നിന്ന് രണ്ടുതവണ ലോക്സഭയിലേക്ക് വിജയിച്ച അദ്ദേഹം, ജാർഖണ്ഡ്, തെലങ്കാന, പുതുച്ചേരി, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ ഗവർണറായും സേവനമനുഷ്ഠിച്ചു. കാർഷിക-വ്യാവസായിക മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച അദ്ദേഹം, സത്യസന്ധതയ്ക്കും കാഴ്ചപ്പാടിനും കളങ്കമില്ലാത്ത പൊതുജീവിതത്തിനും പേരുകേട്ട വ്യക്തിയാണ്.

✪✪✪

ഉപരാഷ്ട്രപതിയായി തിരഞ്ഞെടുത്ത CP രാധാകൃഷ്ണനെ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അഭിനന്ദിച്ചു. രാധാകൃഷ്ണന്റെ പതിറ്റാണ്ടുകൾ നീണ്ട പൊതുജീവിതത്തിലെ അനുഭവസമ്പത്ത് രാജ്യത്തിന്റെ പുരോഗതിക്കും ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും പാർലമെന്ററി ചർച്ചകൾ മെച്ചപ്പെടുത്തുന്നതിനും കാര്യമായ സംഭാവനകൾ നൽകുമെന്ന് രാഷ്ട്രപതി പറഞ്ഞു.

CP രാധാകൃഷ്ണന്റെ ദീർഘകാല പൊതുപ്രവർത്തന പരിചയം ഉപരാഷ്ട്രപതി സ്ഥാനത്തിന് മുതൽക്കൂട്ടാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്)....

ആശംസകൾ നേർന്ന രാഷ്ട്രപതിയ്ക്കും, പ്രധാനമന്ത്രിയ്ക്കും, കേന്ദ്രമന്ത്രിമാർക്കും, മറ്റു പ്രമുഖർക്കും CP രാധാകൃഷ്ണൻ നന്ദി അറിയിച്ചു. ദേശീയവാദ ആശയങ്ങളുടെ വിജയമാണെന്ന് തന്റേതെന്ന് CP രാധാകൃഷ്ണൻ പറഞ്ഞു. ഇത് ഓരോ ഇന്ത്യക്കാരന്റെയും

വിജയമാണെന്നും 2047-ഓടെ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റാൻ പ്രവർത്തിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളെ അറിയിച്ചു.

ജനാധിപത്യത്തിൽ ഭരണകക്ഷിക്കും പ്രതിപക്ഷത്തിനും തുല്യ പ്രാധാന്യമുണ്ടെന്നും ഇവ രണ്ടും ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെയാണെന്നും CP രാധാകൃഷ്ണൻ കൂട്ടിച്ചേർത്തു.

തിരഞ്ഞെടുപ്പ് ഫലം വിനയത്തോടെ അംഗീകരിക്കുന്നതായി പരാജയപ്പെട്ട സ്ഥാനാർത്ഥി B. സുദർശൻ റെഡ്ഡി അറിയിച്ചു. പുതിയ പദവിയിൽ C.P രാധാകൃഷ്ണന് അദ്ദേഹം എല്ലാ ആശംസകളും നേർന്നു.

✪✪✪

നേപ്പാളിലെ സംഭവവികാസങ്ങൾ ചർച്ച ചെയ്യാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ കേന്ദ്രമന്ത്രിസഭയുടെ സുരക്ഷാസമിതി ഡൽഹിയിൽ യോഗം ചേർന്നു. നേപ്പാൾ കലാപം ഹൃദയഭേദകമാണെന്ന് പ്രധാനമന്ത്രി യോഗത്തിനുശേഷം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. അയൽരാജ്യത്ത് സ്ഥിരതയും , സമാധാനവും, ഐശ്വര്യവും നിലനിൽക്കേണ്ടത് ഏറെ പ്രധാനപ്പെട്ട കാര്യമാണെന്നും, നേപ്പാൾ ജനത സമാധാനത്തോടൊപ്പം നിൽക്കണമെന്നും നരേന്ദ്രമോദി അഭ്യർത്ഥിച്ചു.

✪✪✪

ദോഹയിലെ ഇസ്രയേൽ ആക്രമണത്തിൽ ഇന്ത്യ ആശങ്കയറിയിച്ചു. നയതന്ത്രസമീപനത്തോടെ സംയമനം പാലിക്കണമെന്ന് വിദേശകാര്യമന്ത്രാലയം ആവശ്യപ്പെട്ടു. മേഖലയിലെ സമാധാനത്തിനും, സുരക്ഷാ സാഹചര്യത്തിനും ആക്രമണം കനത്ത പ്രത്യാഘാതമുണ്ടാക്കുമെന്ന് മന്ത്രാലയം പ്രസ്താവനയിൽ വിലയിരുത്തി.

✪✪✪

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനം ഇനിയും ഉന്നതിയിലേക്കെത്തുമെന്ന് ഗവർണർ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഭിപ്രായപ്പെട്ടു. തിരുവനന്തപുരത്ത് ഓണം വാരാഘോഷ സമാപന ഘോഷയാത്ര ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു ഗവർണർ.

✪✪✪

മലയാളികൾ ഒരേ മനസ്സോടെ ഓണം ഒരുമയുടെ ആഘോഷമാക്കിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മതത്തിനോ ജാതിയ്ക്കോ മറ്റ് വേർതിരിവുകൾക്കോ ഇടമില്ലാത്തതാണ് മലയാളികളുടെ മനസ്സെന്ന പ്രഖ്യാപനമാണ് ഈ ഓണക്കാലത്തും ആവർത്തിച്ചതെന്ന് അദ്ദേഹം ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു. ഏറ്റവും നല്ല രീതിയിൽ ഓണം ആഘോഷിക്കാൻ ജനങ്ങളും ഒന്നു ചേർന്നു. ക്ഷേമപെൻഷനും, ബോണസും, ഉത്സവബത്തയും, ക്ഷാമബത്തയും ഗവൺമെന്റ് നേരത്തെ നൽകിയതും, കാര്യക്ഷമമായ ഇടപെടലിലൂടെ വിലക്കയറ്റം തടഞ്ഞതും ഓണാഘോഷത്തിന്റെ മാറ്റ് വർദ്ധിപ്പിച്ചതായും മുഖ്യമന്ത്രി കുറിച്ചു.

✪✪✪

ടൂറിസം വകുപ്പും DTPC യും ചേർന്ന് കണ്ണൂരിൽ സംഘടിപ്പിച്ച ഓണാഘോഷം സമാപിച്ചു. സമാപന സമ്മേളനം KV സുമേഷ് MLA ഉദ്ഘാടനം ചെയ്തു.

മലപ്പുറം കോട്ടക്കുന്നിൽ സംഘടിപ്പിച്ച ഓണം വാരാഘോഷവും ഇന്നലെ സമാപിച്ചു.

✪✪✪

CPI സംസ്ഥാന സമ്മേളനം ഇന്ന് ആലപ്പുഴയിൽ തുടങ്ങും. S.K കൺവെൻഷൻ സെന്ററിലെ കാനം രാജേന്ദ്രർ നഗറിൽ രാവിലെ CPI ജനറൽ സെക്രട്ടറി D രാജ, സമ്മേളനം ഉദ്ഘാടനം ചെയ്യും. രാവിലെ ഒൻപതിന് വലിയ ചുടുകാട് രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് സമ്മേളന നഗരിയിലേക്ക് ദീപശിഖാ പ്രയാണം ആരംഭിക്കും.

വൈകിട്ട് സെമിനാറിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കും. സമാപന ദിവസമായ മറ്റന്നാൾ റെഡ് വാളണ്ടിയർ പരേഡും പൊതുസമ്മേളനവും നടത്തും. 39 ക്ഷണിതാക്കൾ ഉൾപ്പെടെ 520 പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്.

✪✪✪

തിരുവനന്തപുരം മുതൽ ഇടുക്കി വരെ ഏഴ് ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്കായി ഇടുക്കി നെടുങ്കണ്ടത്ത് ആർമി റിക്രൂട്ട്മെന്റ് റാലിയ്ക്ക് ഇന്ന് തുടക്കമാകും. ഈ മാസം 16 വരെ തുടരുന്ന റിക്രൂട്ട്മെന്റ് റാലിയ്ക്ക് വിപുലമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നെടുങ്കണ്ടം പഞ്ചായത്ത് സിന്തറ്റിക് സ്റ്റേഡിയത്തിലാണ് റിക്രൂട്ട് മെന്റ് റാലി. 3,102 ഉദ്യോഗാർത്ഥികൾ പങ്കെടുക്കും.

✪✪✪

**ചരക്ക് സേവന നികുതിയിലെ കേന്ദ്ര പരിഷ്കരണങ്ങൾ സമൂഹത്തിലെ പല മേഖലകൾക്കും വലിയ ആശ്വാസമായി മാറാൻ പോവുകയാണ്.**

**കണ്ണൂർ പ്രതിനിധി K.O ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.**

**.....(വോയ്സ്)...............**

✪✪✪

**ഏഷ്യ കപ്പ് ക്രിക്കറ്റ് ടൂർണമെന്റിൽ ഇന്ത്യ ഇന്ന് ആതിഥേയരായ UAE യെ നേരിടും. ദുബായ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി ഇന്ത്യൻ സമയം 8 മണിക്കാണ് മത്സരം. ഇന്നലെ ഉദ്ഘാടന മത്സരത്തിൽ, അഫ്ഗാനിസ്ഥാൻ അബുദാബിയിൽ ഹോങ്കോങ്ങിനെ 94 റൺസിന് തോൽപ്പിച്ചു.**

✪✪✪

**ഇന്ത്യൻ അണ്ടർ-23 ഫുട്ബോൾ ടീം ഏഷ്യൻ കപ്പ് 2026 യോഗ്യതാ മത്സരത്തിൽ വിജയിച്ചു. ദോഹയിൽ ബ്രൂണൈയെ മറുപടിയില്ലാത്ത ആറ് ഗോളിനാണ് ഇന്ത്യ തോൽപ്പിച്ചത്.**

**അടുത്ത വർഷം ജനുവരി ഏഴിന് സൗദി അറേബ്യയിലാണ് U-23 ഏഷ്യൻ കപ്പിന് തുടക്കമാവുന്നത്.**

✪✪✪

**സംസ്ഥാനത്ത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 ശതമാനം ഉയർത്തുമെന്നും, ഇതിലൂടെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ വൻ മുന്നേറ്റം കൈവരിക്കാനാവുമെന്നും മന്ത്രി MB രാജേഷ് പറഞ്ഞു. വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി പാലക്കാട്ട് തൊഴിൽദാതാക്കളുടെ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വിജ്ഞാന കേരളം പദ്ധതി കുടുംബശ്രീയുമായി ചേർന്ന് നടപ്പാക്കി സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ വർധിപ്പിക്കാനാണ് ഗവൺമെന്റഅ ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.**

✪✪✪

കുന്നംകുളത്ത് യൂത്ത് കോൺഗ്രസ്സ് നേതാവ് സുജിത്തിനെ മർദ്ദിച്ച പൊലീസുകാരെയും, മറ്റു ചില പൊലീസ് സ്റ്റേഷനുകളിലെ മർദ്ദനങ്ങൾക്ക് നേതൃത്വം കൊടുത്ത പൊലീസുകാരെയും സർവ്വീസിൽ നിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് KPCC രാവിലെ സംസ്ഥാന വ്യാപകമായി പൊലീസ് സ്റ്റേഷനുകൾക്കു മുൻപിൽ പ്രതിഷേധ സദസ് സംഘടിപ്പിക്കും. പ്രമുഖ കോൺഗ്രസ് നേതാക്കൾ സദസ്സുകൾ ഉദ്ഘാടനം ചെയ്യും.

✪✪✪

ഗ്രന്ഥശാലകൾ സാമൂഹ്യ പുരോഗതിക്ക് വഴികാട്ടുന്ന കേന്ദ്രങ്ങളായി മാറണമെന്ന് മന്ത്രി K. കൃഷ്ണൻകുട്ടി പറഞ്ഞു. പാലക്കാട് വിളയോടി ഗ്രാമീണ ഗ്രന്ഥശാല കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കമ്പിളിച്ചുങ്കം-കല്ലുകുട്ടിയാൽ റോഡിലെ നിർമ്മാണം പൂർത്തീകരിച്ച പാർശ്വഭിത്തി മന്ത്രി നാടിന് സമർപ്പിച്ചു.

✪✪✪

മലപ്പുറം ജില്ലാ നിക്ഷേപക സംഗമം നാളെ വൈകിട്ട് മന്ത്രി P. രാജീവ് ഉദ്ഘാടനം ചെയ്യും. ജില്ലയിൽ ഒരു വർഷത്തിനകം 3,500 കോടി രൂപയുടെ നിക്ഷേപവും, 2,000 തൊഴിലവസരങ്ങളും ലക്ഷ്യമിടുന്ന നിക്ഷേപക സംഗമം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെയാണ് സംഘടിപ്പിക്കുന്നത്. ജില്ലയിൽ വരാൻ പോകുന്ന സംരംഭങ്ങളെ ജനങ്ങളിലേയ്ക്ക് എത്തിക്കാനും, നിക്ഷേപ സാധ്യതകൾ അറിയിക്കാനുമാണ് സംഗമം നടത്തുന്നത്. മന്ത്രി V.അബ്ദുറഹ്മാനും മുതിർന്ന ഉദ്യോഗസ്ഥരും സംഗമത്തിൽ പങ്കെടുക്കും.

✪✪✪

മുൻ PRD ഡയറക്ടർ M. നന്ദകുമാർ തിരുവനന്തപുരത്ത് അന്തരിച്ചു. ഇന്നലെ വൈകിട്ട് ഏഴരയോടെയായിരുന്നു 69 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. രാവിലെ ജവഹർ നഗർ വിമൻസ് അസോസിയേഷൻ ഹാളിൽ ഭൗതിക ശരീരം പൊതുദർശനത്തിന് വയ്ക്കും. തുടർന്ന് വട്ടിയൂർക്കാവിലെ വീട്ടിലും പൊതുദർശനമുണ്ടായിരിക്കും. വൈകിട്ട് ശാന്തികവാടത്തിലാണ് സംസ്ക്കാരം.

പ്രഭാഷകൻ, എഴുത്തുകാരൻ, ജ്യോതിഷി എന്നീ നിലകളിൽ പ്രാഗൽഭ്യം തെളിയിച്ച അദ്ദേഹം 1993 ലാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്.

✪✪✪

മുത്തങ്ങ ചെക്പോസ്റ്റിൽ ഒന്നര കിലോയോളം കഞ്ചാവുമായി കോഴിക്കോട് വെള്ളയിൽ സ്വദേശി മുഹമ്മദ് ഫഹാദിനെ എക്സൈസ് പിടികൂടി. ബംഗളൂരുവിൽ നിന്ന് കോഴിക്കോട്ടേക്ക് വരികയായിരുന്ന സ്വകാര്യ ബസ്സിലാണ് ഇയാൾ കഞ്ചാവ് കടത്താൻ ശ്രമിച്ചത്.

✪✪✪

കഞ്ചാവുകേസിൽ ജാമ്യത്തിൽ കഴിയവേ MDMA യുമായി പിടിയിലായ പയ്യന്നൂർ മുല്ലക്കോട് സ്വദേശി  നിഖിലയെ ആഭ്യന്തര സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം കരുതൽ തടങ്കലിലാക്കി. തുടർച്ചയായി രണ്ട് കേസുകളിൽ പ്രതിയായതിന്റെ അടിസ്ഥാനത്തിലാണ് നടപടി.

✪✪✪

---

*News Editor & Reader : അനിൽ ചന്ദ്രൻ*
*NRTs : സബിത, സയ്യിദ് അലി ശിഹാബ്*
*DEO : ഷീബ*